പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പഠനം നടത്താൻ നടപടി

86 [5066] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തെകുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സ്കൂൾ വിദ്യാഭ്യാസ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സ്കൂൾ എഡ്യൂക്കേഷൻ വിഭാഗത്തിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്കൂൾ എഡ്യൂക്കേഷൻ കമ്മീഷനോട് പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടില്ല. ഈ വിഷയം പരിശോധിക്കാവുന്നതാണ്.

ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള സർക്കാർ സ്കൂളുകൾ

87 [5067] ശ്രീ. സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സർക്കാർ സ്കൂളുകളിൽ ഇപ്പോൾ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഷിഫ്റ്റ് സമ്പ്രദായംമൂലം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്നതായും പാഠഭാഗങ്ങൾ യഥാവിധി പഠിപ്പിച്ചുതീർക്കാൻ സാധിക്കാത്തതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 210 സ്കൂളുകളിൽ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു:

തിരുവനന്തപുരം	..	54
കൊല്ലം	..	60
പത്തനംതിട്ട	..	14
ആലപ്പുഴ	..	41

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	..	8
ഇടുക്കി	..	17
എറണാകുളം	..	1
കണ്ണൂർ	..	9
കാസർഗോഡ്	..	6

(സി) ഇല്ല.

(ഡി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

അൺഎയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കുന്ന നടപടി

88 [5068] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ആക്കിയ സ്കൂളുകളിൽ അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നീ വിവിധ വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെവ്വേറെ ഓരോ സ്കൂളും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) എയ്ഡഡ് ആക്കിയതുകൊണ്ട് പ്രതിവർഷം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്കൂളുകൾ പൂട്ടുമ്പോൾ അൺഎയ്ഡഡ് സ്കൂളുകൾ എയ്ഡഡ് ആക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇനിയും എത്ര സ്കൂളുകൾ എയ്ഡഡ് ആക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

"ആക്സസ് ആന്റ് ആൾട്ടർനേറ്റീവ് സ്കൂളുകൾ"

89 [5069] ശ്രീ. എ. സുജനപാൽ:
,, വി. ജെ. പൗലോസ്:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. മുഹമ്മദാലി:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആക്സസ് ആന്റ് ആൾട്ടർനേറ്റീവ് സ്കൂളുകളുണ്ട്;

(ബി) ഇവ ഗവൺമെന്റ് മേഖലയിലാണോ അതോ സ്വകാര്യ മേഖലയിലാണോ പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly